ഫിഷറീസ് സ്കൂളുകളിലെ പ്രവേശന മാനദണ്ഡം

127 [1930] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
„ സാജു പോൾ:

താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ ആകെ എത്ര കുട്ടികൾ പഠനം നടത്തിവരുന്നു;

(ബി) ഈ സ്കൂളുകളിൽ കുട്ടികളുടെ പ്രവേശനത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഫിഷറീസ് സ്കൂളുകളിൽ നിലവിലുള്ള പരിമിതികളും കുറവുകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ അത് പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 1569 കുട്ടികൾ.

(ബി) താഴെ പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കുന്നു:

1. അപേക്ഷകർ മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളായിരിക്കണം.

2. 8-ാം തരത്തിലേയ്ക്കാണ് അപേക്ഷ ക്ഷണിയ്ക്കുക.

3. 50 രൂപ പത്രത്തിൽ 7-ാം തരത്തിലെ മാർക്ക്ലിസ്റ്റിന്റെ സ്കൂൾ ഹെഡ് മാസ്റ്റർ/ഹെഡ്മിസ്ട്രസ് സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ്.

4. അപേക്ഷകന്റെ പിതാവ്/രക്ഷകർത്താവ് മത്സ്യബന്ധനം ഉപജീവനമാർഗ്ഗമാക്കിയിട്ടുള്ള മത്സ്യത്തൊഴിലാളിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

5. ജാതി, ജനനതീയതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

6. നീന്തൽ, വഞ്ചിതുഴയൽ, വലനിർമ്മാണം എന്നിവയിലുള്ള അറിവ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.

(സി) നിലവിലുള്ള പരിമിതികളും കുറവുകളും പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly